മുസ്ലിം എന്നാൽ മറ്റു മുസ്ലിംകൾ അവൻ്റെ നാവിൽ നിന്നും
കയ്യിൽ നിന്നും സുരക്ഷിതനായവനാണ്. അല്ലാഹു വിലക്കിയ
കാര്യങ്ങളെ വെടിഞ്ഞവനാണ് മുഹാജിർ
അബ്ദുല്ലാഹി ബ്നു അംറ് -هُْنَع هُ

َ ِض َي الل
ر- നിവേദനം: നബി -صلى الله عليه وسلم- പറഞ്ഞു: "മുസ്ലിം എന്നാൽ മറ്റു
മുസ്ലിംകൾ അവൻ്റെ നാവിൽ നിന്നും കയ്യിൽ നിന്നും സുരക്ഷിതനായവനാണ്. അല്ലാഹു
വിലക്കിയ കാര്യങ്ങളെ വെടിഞ്ഞവനാണ് മുഹാജിർ."
[صحيح] [متفق عليه]
ഇസ്ലാമിൻ്റെ മേന്മകൾ പൂർത്തിയായ ഒരു മുസ്ലിം എന്നാൽ അവൻ്റെ നാവിൽ നിന്നും മറ്റു
മുസ്ലിംകൾ സുരക്ഷിതനായവനാണ് എന്ന് നബി -صلى الله عليه وسلم- അറിയിക്കുന്നു. അവൻ്റെ നാവ് കൊണ്ട് അവൻ അവരെ
ചീത്തപറയുകയില്ല. അവരെ ശപിക്കുകയോ പരദൂഷണം പറയുകയോ ഇല്ല. തൻ്റെ നാവു കൊണ്ട്
അവർക്കിടയിൽ എന്തെങ്കിലുമൊരു പ്രയാസം സൃഷ്ടിക്കാൻ അവൻ ഒരിക്കലും ശ്രമിക്കുകയില്ല.
അവൻ്റെ കൈകളിൽ നിന്നും അവർ സുരക്ഷിതരായിരിക്കും. അവൻ അവർക്കെതിരെ അന്യായം
പ്രവർത്തിക്കുകയോ അവരുടെ സമ്പത്ത് അന്യായമായി കവരുകയോ മറ്റോ ചെയ്യില്ല. യഥാർത്ഥ
മുഹാജിർ -പാലായനം ചെയ്ത മനുഷ്യൻ- അല്ലാഹു നിഷിദ്ധമാക്കിയ കാര്യങ്ങളെ വെടിഞ്ഞവനാണ്
എന്നും നബി -صلى الله عليه وسلم- അറിയിക്കുന്നു.
https://sunnah.global/hadeeth/ml/show/10101